LIBRARY ARCHIVES Kerala Legislative Assembly

വനിതാ പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റുകൾ

80 (4515) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ ജില്ലകളിൽ വിവിധ ബറ്റാലിയനുകളിലേക്കുള്ള വനിതാ പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റുകൾ നിലവിൽവന്നതെന്നാണ് ;

(ബി) ആകെ എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുകയുണ്ടായി ;

(സി) ഇതുവരെയുള്ള നിയമനം ഉൾപ്പെടെ കേരളാ പോലീസിന്റെ അംഗസംഖ്യയുടെ ആകെ എത്ര ശതമാനം വനിതാ പോലീസ് കോൺസ്റ്റബിൾമാർ ഇപ്പോഴുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) മറ്റുപല പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടേയും കാലാവധി ദീർഘിപ്പിച്ചതുപോലെ വനിത പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ ?

ഉത്തരം

(എ) 31-12-2000-ൽ.

(ബി) നിലവിലുള്ള വനിതാ കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിൽ നിന്നും 1732 പേർക്ക് അഡ്വൈസ് മെമ്മോ നൽകുകയും അതിൽ 1050 പേർ ജോയിൻ ചെയ്യുകയും ചെയ്തിട്ടുള്ളതും അതിൽ 3-ാം ബാച്ചായി 209 പേരുടെ ട്രെയിനിംഗ് നടന്നുവരുകയും ചെയ്യുന്നു. കൂടാതെ പുതിയതായി സൃഷ്ടിച്ച 600 പോസ്റ്റുകളിലേക്ക് പി.എസ്.സി. അഡ്വൈസ് ചെയ്തിട്ടുണ്ട്. അവർക്ക് 2003 സെപ്റ്റംബർ 1-ന് ട്രെയിനിംഗ് ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

കെ. എ. പി. നാലാം ബറ്റാലിയനിലെ ഒഴിവുകൾ

81 (4516) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എ.പി. നാലാം ബറ്റാലിയനിലേക്ക് നിയമനം നൽകുന്നതിനുള്ള പോലീസ് കോൺസ്റ്റബിൾ തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽവന്നത് ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേർക്ക് നിയമനം നൽകുകയുണ്ടായി ;

(സി) കെ.എ.പി. നാലാം ബറ്റാലിയനിൽ നിലവിൽ എത്ര പോലീസ് കോൺസ്റ്റബിൾ തസ്തികയാണ് ഒഴിവുള്ളത് ;